**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1453** — **06/03/2017-ൽ മറുപടിയ്ക്ക്**

# പ്ലാന്റേഷൻ കോർപ്പറേഷൻ ഭൂമിയിലെ കൃഷി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.കുഞ്ഞിരാമൻ | ശ്രീ. വി.എസ്. സുനിൽകുമാർ<br>(ബഹു. കൃഷി വകുപ്പ് മന്ത്രി) |
| എ) കാസർഗോഡ് ജില്ലയിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ അധീനതിയിലുള്ള കശുമാവിൻ തോട്ടങ്ങളിലെ കശുവണ്ടി വർഷങ്ങളായി വില്പന നടത്തുന്നത് ഏത് വിധത്തിലാണെന്ന് അറിയിക്കാമോ; | എ) കാസർഗോഡ് ജില്ലയിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ അധീനതയിലുള്ള കശുമാവിന് തോട്ടങ്ങളിലെ കശുവണ്ടി മുൻ വർഷങ്ങളിൽ ദർഘാസ് ലേല വ്യവസ്ഥകൾ പ്രകാരമാണ് വില്പന നടത്തിയിരുന്നത്. ഈ വർഷം മുതൽ വ്യവസായ വകുപ്പിന് കീഴിലുള്ള കേരള കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സും ആണ് കശുവണ്ടി സംഭരിക്കുന്നത്. |
| ബി) പ്ലാന്റേഷൻ തോട്ടത്തിലെ കശുവണ്ടി, തൊഴിലാളികളെക്കൊണ്ടുതന്നെ ശേഖരിച്ച് സർക്കാരിന്റെ കീഴിലുള്ള കശുവണ്ടി ഫാക്ടറികൾക്ക് നൽകുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സമുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ ; | ബി) മൊത്തം തോട്ടത്തിലെയും കശുവണ്ടി നേരിട്ട് പെറുക്കുന്നതിനുള്ള സംവിധാനം പ്ലാന്റേഷൻ കോർപ്പറേഷന് ഇല്ല. |
| സി) ഇടനിലക്കാരെ ഒഴിവാക്കി കശുവണ്ടി ഫാക്ടറികളിൽ തന്നെ പ്ലാന്റേഷൻ കോർപ്പറേഷനിലെ കശുവണ്ടി എത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ ; | സി) ഇക്കൊല്ലം സർക്കാർ തീരുമാനപ്രകാരം കാസർഗോഡ്, കണ്ണൂർ ജില്ലകളിൽ ഇടനിലക്കാരെ ഒഴിവാക്കി, വ്യവസായ വകുപ്പിന് കീഴിലുള്ള കേരള കശുവണ്ടി വികസന കോർപ്പറേഷനെയും, കാപ്പെക്സിനെയും കശുവണ്ടി സംഭരിച്ച് കൊണ്ടുപോകുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| ഡി) കാസർഗോഡ് ജില്ലയിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ ഉടമസ്ഥതയിൽ എത്ര ഏക്കർ സ്ഥലമുണ്ടെന്നും അറിയിക്കാമോ ; | ഡി) കാസർഗോഡ് ജില്ലയിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ കൈവശം ഉള്ള സ്ഥലങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>1. ചീമേനി എസ്റ്റേറ്റ് - 924 ഹെക്ടർ<br>2. രാജപുരം എസ്റ്റേറ്റ് - 1522.91 ഹെക്ടർ<br>3. കാസർഗോഡ് എസ്റ്റേറ്റ് - 2065.03 ഹെക്ടർ<br>ആകെ - 4511.94 ഹെക്ടർ |

(contd............2)

| | |
|---|---|
| ഇ) പ്രസ്തുത സ്ഥലത്ത് മുഴവൻ ഇപ്പോൾ കൃഷി ഇറക്കുന്നുണ്ടോ ; കൃഷി ചെയ്യാൻ ഉപയുക്തമായി എത്ര ഏക്കർ ഭൂമിയാണ് തരിശായി കിടക്കുന്നത് ; വിശദാംശങ്ങൾ അറിയിക്കാമോ ? | ഇ) പ്രസ്തുത സ്ഥലത്തെ കൃഷി സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

| എസ്റ്റേറ്റ് | ആകെ സ്ഥലം (Hr) | റബ്ബർ കൃഷി (Hr) | കശുമാവ് കൃഷി (Hr) | തരിശ് സ്ഥലം (Hr) |
|---|---|---|---|---|
| ചീമേനി | 924.00 | 125.00 | 799.00 | ഇല്ല |
| രാജപുരം | 1522.91 | ഇല്ല | 1522.68 | 0.23 |
| കാസർഗോഡ് | 2065.03 | 565.50 | 1499.53 | ഇല്ല |

സെക്ഷൻ ഓഫീസർ